ചെറുകിട ഇടത്തര തുറമുഖങ്ങളുടെ വികസനത്തിനായി പദ്ധതികൾ

154 [3559] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട ഇടത്തരം തുറമുഖങ്ങളുടെ വികസനത്തിനായി സ്വകാര്യ പങ്കാളിത്തത്തിന് സർക്കാർ ശ്രമിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളിൽ വിഴിഞ്ഞം, തങ്കശ്ശേരി, ആലപ്പുഴ, മുനമ്പം, പൊന്നാനി, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളെ വികസന സാധ്യത ഉള്ളവയായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇവയിൽ വിഴിഞ്ഞം തുറമുഖ വികസനത്തിനായി ഒരു ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന ജോലി ചെന്നൈയിലെ എൽ. ആന്റ് റ്റി. റാംബോൾ കൺസൾട്ടിംഗ് എഞ്ചിനീയേഴ്സ് ലിമിറ്റഡ് എന്ന കൺസൾട്ടൻസി സ്ഥാപനത്തെ ഏൽപ്പിച്ചു കഴിഞ്ഞു. അവരുടെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാലുടൻ സ്വകാര്യ പങ്കാളിത്തം ക്ഷണിച്ചുകൊണ്ട് പത്രപരസ്യം നൽകുന്നതാണ്.

തങ്കശ്ശേരി തുറമുഖത്ത് ഒരു വാർഫ് പുതിയതായി പണി കഴിപ്പിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇതിന് മുന്നോടിയായി തുറമുഖ വികസനത്തിന് സ്വകാര്യ പങ്കാളിത്തം ക്ഷണിച്ചുകൊണ്ട് പത്രപരസ്യം 4-4-2003-ൽ നൽകിയിരുന്നുവെങ്കിലും ഓഫറുകൾ ഒന്നും ലഭിക്കുകയുണ്ടായില്ല. ആലപ്പുഴ തുറമുഖത്ത് മറീന സ്ഥാപിക്കുന്നതിന് മുന്നോടിയായി ഒരു ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന ജോലി ചെന്നൈയിലെ എൽ. ആന്റ് റ്റി. റാംബോൾ കൺസൾട്ടിംഗ് എഞ്ചിനീയേഴ്സ് ലിമിറ്റഡ് എന്ന കൺസൾട്ടൻസി സ്ഥാപനത്തെ ഏൽപ്പിച്ചു. റിപ്പോർട്ട് ലഭിച്ചാലുടൻ സ്വകാര്യ പങ്കാളിത്തം ക്ഷണിച്ചുകൊണ്ട് ഉടൻ പത്രപരസ്യം നൽകുന്നതാണ്. മുനമ്പം തുറമുഖത്ത് ക്ളിങ്കർ കൈകാര്യം ചെയ്യുന്നതിന് ഒരു വാർഫ് പണിയുന്നതിന് മുബൈയിലെ സൗരാഷ്ട്ര സിമന്റ്സ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് പദ്ധതിയുണ്ട്. കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ഈ പദ്ധതിക്ക് അനുമതി നൽകുന്നതാണ്. പൊന്നാനി തുറമുഖത്ത് ഒരു ഫിഷിംഗ് ഹാർബർ പണിയുന്ന പദ്ധതി നടന്നു വരുന്നു. ഈ പദ്ധതി പൂർത്തിയായതിനുശേഷം തുറമുഖത്ത് ചരക്ക് കൈകാര്യം ചെയ്യുന്നതിന് സൗകര്യം ഏർപ്പെടുത്താൻ സ്വകാര്യ പങ്കാളിത്തത്തിന് ശ്രമിക്കുന്നതാണ്. ബേപ്പൂർ തുറമുഖത്ത് കോഴിക്കോട്ടെ പാരീസൺസ് ഫ്ളോർമിൽസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ഭക്ഷ്യയോഗ്യമായ എണ്ണ ഇറക്കുമതി ചെയ്യുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും പദ്ധതിയുണ്ട്. ഇവരുടെ പ്രോജക്ട് റിപ്പോർട്ട് ജൂലൈ 31-ന് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അഴീക്കൽ തുറമുഖത്തിന്റെ വികസനത്തിന് ഒരു ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന ജോലി ഐ.സി. ഐ.സി.ഐ./കിൻഫ്ര എന്ന സ്ഥാപനത്തെ ഏൽപ്പിച്ചിരുന്നു. അവരുടെ റിപ്പോർട്ട് ലഭിച്ചാലുടൻ തുറമുഖത്തിന്റെ വികസനത്തിന് സ്വകാര്യ പങ്കാളിത്തം ക്ഷണിച്ചുകൊണ്ട് പത്രപരസ്യം നൽകുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly